**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - വേങ്ങാട് ഗ്രാമ പഞ്ചായത്തിന്റെ പ്ലാസ്റ്റിക് മാലിന്യ പരിപാലന പദ്ധതിയായ 'സുസ്ഥിര' പ്രസ്തുത പദ്ധതിയിൽ നിന്നുള്ള വരുമാനത്തിൽ നിന്നും അധികമാകുന്ന തുക പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും വിനിയോഗിച്ച് പദ്ധതി നടപ്പാക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

തദ്ദേശ സ്വയം ഭരണ (ഡി.സി) വകുപ്പ്

സ.ഉ.(സാധാ)നം.2931/16/തസ്വഭവ തിരുവനന്തപുരം, തീയതി 22.10.2016

---

പരാമർശം-(1) വേങ്ങാട് ഗ്രാമ പഞ്ചായത്തിന്റെ 30.07.2016 ലെ 82/16(1) നമ്പർ കമ്മിറ്റി തീരുമാനം

(2) വേങ്ങാട് ഗ്രാമ പഞ്ചായത്ത് പ്രസിഡന്റിന്റെ 03.08.2016 ലെ എ 1 -5019/16 നമ്പർ കത്ത്

**ഉത്തരവ്**

റീ സൈക്കിൾ ചെയ്യാവുന്ന പ്ലാസ്റ്റിക് മാലിന്യങ്ങൾ വീടുകളിൽ നിന്നും വ്യാപാര സ്ഥാപനങ്ങളിൽ നിന്നും ശേഖരിക്കുന്ന പ്ലാസ്റ്റിക് മാലിന്യ പരിപാലന പദ്ധതി 'സുസ്ഥിര' എന്ന പേരിൽ 2014 - 2015 വർഷം മുതൽ വേങ്ങാട് ഗ്രാമ പഞ്ചായത്ത് നടപ്പാക്കിവരുന്നതായും 2016 - 2017 വർഷവും ഇത് തുടരുന്നതിന് വി ഇ ഒ തയാറാക്കിയ പ്രോജക്ട് ഭരണ സമിതി അംഗീകാരത്തിന് പരിഗണിച്ചപ്പോൾ പദ്ധതിയുമായി ബന്ധപ്പെട്ട് വാളണ്ടിയർമാർക്കുള്ള വേതനം,ഇതുമായി ബന്ധപ്പെട്ട വാഹന ചെലവ് എന്നിവ 2016 - 2017 വർഷത്തെ മാർഗ രേഖ 7.2 പ്രകാരം പൊതുവായ കാര്യങ്ങളിൽ ഉൾപ്പെടാത്ത വിഷയമായതിനാൽ ആയതിൽ ഉൾപ്പെടുത്തി നിർവഹിക്കുവാൻ നിയന്ത്രണമുണ്ടെന്നും, ഈ സാഹചര്യത്തിൽ മാലിന്യ നിർമാർജനവുമായി ബന്ധപ്പെട്ട, 6 ലക്ഷം രൂപ പ്രതിവർഷം അടങ്കൽ വരുന്ന പ്രസ്തുത പദ്ധതി 11.01.2016 ലെ സ.ഉ (കൈ ) 4/2016/ തസ്വഭവ മാർഗരേഖ 12.6 പ്രകാരം പതിനാലാം ധനകാര്യ കമ്മീഷന്റെ ഗ്രാന്റ് ശുചിത്വവും, കക്കൂസ് മാലിന്യ പരിപാലനം ഉൾപ്പടെ മലിനജല നിർഗമന സംവിധാനങ്ങൾക്കും ഖരമാലിന്യ പരിപാലനത്തിനും ഉപയോഗിക്കണം എന്ന് നിർദേശമുള്ളതിനാൽ ആയത് ഉപയോഗിച്ച് നടപ്പാക്കുവാൻ അനുവദിക്കണമെന്നും, അതിന് സാധിച്ചില്ലെങ്കിൽ തനത് ഫണ്ട് ഉപയോഗിച്ച് പദ്ധതി നടപ്പാക്കുന്നതിന് അനുവാദം നൽകണമെന്നും കോർഡിനേഷൻ കമ്മിറ്റിയോട് അപേക്ഷിക്കുവാൻ പരാമർശം 1 പ്രകാരം തീരുമാനിച്ചതായി വേങ്ങാട് പഞ്ചായത്ത് പ്രസിഡന്റ് പരാമർശം 2 പ്രകാരം അറിയിച്ചിരിക്കുന്നു.

വേങ്ങാട് ഗ്രാമ പഞ്ചായത്ത് കമ്മിറ്റിയുടെ അപേക്ഷയിന്മേൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വേങ്ങാട് ഗ്രാമ പഞ്ചായത്തിന്റെ പ്ലാസ്റ്റിക് മാലിന്യ പരിപാലന പദ്ധതിയ 'സുസ്ഥിര' യുടെ നടത്തിപ്പിന് പ്രസ്തുത പദ്ധതിയിൽ നിന്നുള്ള വരുമാനത്തിൽ

നിന്നും അധികമാകുന്ന തുക ഗ്രാമ പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും വിനിയോഗിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)

ഡി സന്തോഷ്
ഡെപ്യൂട്ടി സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
സെക്രട്ടറി, വേങ്ങാട് ഗ്രാമപഞ്ചായത്ത്, കണ്ണൂർ
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടിവ് ഡയറക്ടർ, ഇൻഫോർമേഷൻ കേരള മിഷൻ
ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ